# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4775 — 23/07/2015-ൽ മറുപടിക്ക്

## ഏകീകൃത തിരിച്ചറിയൽ കാർഡ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ :<br>,, ഐ.സി.ബാലകൃഷ്ണൻ :<br>,, ബെന്നി ബെഹനാൻ :<br>,, വി.ഡി.സതീശൻ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഏകീകൃത തിരിച്ചറിയൽ കാർഡ് നൽകാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ 1,20,000 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കുന്നത് എന്നറിയിക്കുമോ; | (ബി) | പട്ടികവർഗ്ഗക്കാർക്ക് വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റിന് പകരം തിരിച്ചറിയൽ കാർഡായി ഉപയോഗിക്കാം. കൂടാതെ സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സാ ആനുകൂല്യം ലഭിക്കാൻ ജാതി സർട്ടിഫിക്കറ്റിന് പകരം കാർഡിന്റെ പകർപ്പ് നൽകിയാൽ മതിയാകും. |
| (സി) | ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) | സംസ്ഥാനത്തെ 1,20,000 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് തിരിച്ചറിയൽ കാർഡ് നൽകാൻ കേരള സർക്കാരിന്റെ ഒരു വർഷ കർമ്മ പരിപാടിയോടനുബന്ധിച്ച് തീരുമാനം എടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് കെൽട്രോണുമായി കരാറിൽ ഏർപ്പെടുകയും ഇതിനകം 52,477 കുടുംബങ്ങൾക്ക് തിരിച്ചറിയൽ കാർഡ് കെൽട്രോൺ മുഖേന നിർമ്മിച്ച് വിതരണം നടത്തിയിട്ടുമുണ്ട്. ബാക്കി 67,523 കുടുംബങ്ങൾക്ക് തിരിച്ചറിയൽ കാർഡ് വിതരണം നടത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ